**2025 നവംബർ 27 -30 തീയതികളിലെ നന്ദിപ്രകാശന**
**സമന്വയ കോൺഫറൻസിനായുള്ള ദൂതുകളുടെ രൂപരേഖ**

**പൊതു വിഷയം:**
**മത്തായിയിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു**

## ദൂത് രണ്ട്
## ക്രിസ്തു വൈദ്യനും മണവാളനും എന്ന നിലയിൽ

RM *Hymns*: ML48, ML329

തിരുവെഴുത്ത് വായന: മത്താ. 9:10-13, 15; വെളി. 19:7-9

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

മത്താ. 9:15 യേശു അവരോടു പറഞ്ഞു, മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽ നിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും.

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

വെളി. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

**I. ക്രിസ്തു മതത്തിനെതിരെയാണെന്നും ക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ മതത്തിന് വെളിയിലാണെന്നും മത്തായിയുടെ സുവിശേഷം വെളിപ്പെടുത്തുന്നു:**

A. ക്രിസ്തുവിന്റെ ജനനം, ക്രിസ്തുവിനെ കണ്ടെത്തിയത്, ക്രിസ്തുവിനെ ശുപാർശ ചെയ്തത്, ക്രിസ്തുവിനെ അനുഗമിച്ചത് എന്നിവയെല്ലാം മതത്തിന് വെളിയിലായിരുന്നു—1:18-23; 2:1-12; 3:1-12; 4:12-22.

മത്താ. 1:18 യേശു ക്രിസ്തുവിന്റെ ഉത്ഭവം ഇപ്രകാരം ആയിരുന്നു: അവന്റെ അമ്മയായ മറിയ യോസേഫിനു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം, അവർ കൂടിവരുമ്മുമ്പേ, പരിശുദ്ധാത്മാവിൽനിന്ന് ഗർഭിണിയായി കാണപ്പെട്ടു.

മത്താ. 1:19 അവളുടെ ഭർത്താവായ യോസേഫ്, നീതിമാനായിരുന്നതുകൊണ്ടും, അവളെ പരസ്യമായി അപമാനിക്കുവാൻ ഇച്ഛിക്കാത്തതുകൊണ്ടും അവളെ രഹസ്യമായി പറഞ്ഞയയ്ക്കുവാൻ ഉദ്ദേശിച്ചു.

മത്താ. 1:20 എന്നാൽ അവൻ ഈ കാര്യങ്ങൾ പരിചിന്തിച്ചിരിക്കുമ്പോൾ ഇതാ, കർത്താവിന്റെ ഒരു ദൂതൻ അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞു: ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ എടുത്തു കൊള്ളുവാൻ ഭയപ്പെടേണ്ട, എന്തെന്നാൽ അവളിൽ ജനിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽനിന്ന് ആകുന്നു.

മത്താ. 1:21 അവൾ ഒരു പുത്രനെ പ്രസവിക്കും, നീയോ അവനു യേശു എന്നു പേർ വിളിക്കേണം, എന്തെന്നാൽ അവൻതന്നെ, തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കും.

മത്താ. 1:22 ഇതൊക്കെയും സംഭവിച്ചിരിക്കുന്നത് കർത്താവിനാൽ പ്രവാചകനിലൂടെ ഇപ്രകാരം അരുളിച്ചെയ്തത് നിവൃത്തിയാകേണ്ടതിനായിരുന്നു,

മത്താ. 1:23 “ഇതാ, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും, അവർ അവന്റെ പേർ ഇമ്മാനൂവേൽ എന്നു വിളിക്കും” (അതിനെ ദൈവം നമ്മോടുകൂടെ എന്ന് മൊഴിമാറ്റം ചെയ്തിരിക്കുന്നു).

മത്താ. 2:1 ഹെരോദാരാജാവിന്റെ നാളുകളിൽ യേശു യെഹൂദ്യയിലെ ബേത്‍ലഹേമിൽ ജനിച്ചശേഷം, ഇതാ, കിഴക്കുനിന്നു വിദ്വാന്മാർ യെരൂശലേമിൽ എത്തി,

മത്താ. 2:2 യെഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം അതിന്റെ ഉദയത്തിൽ കണ്ട് അവനെ ആരാധിക്കുവാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 2:3 ഹെരോദാരാജാവ് ഇതു കേട്ടപ്പോൾ, അവനും അവനോടൊപ്പം സകല യെരൂശലേമും അസ്വസ്ഥമായി.

മത്താ. 2:4 മുഖ്യപുരോഹിതന്മാരെയും ജനത്തിന്റെ ശാസ്ത്രിമാരെയും എല്ലാം കൂട്ടിവരുത്തിയിട്ട്, ക്രിസ്തു എവിടെ ആകുന്നു ജനിക്കേണ്ടത് എന്ന് അവരിൽനിന്ന് അവൻ ആരാഞ്ഞു.

മത്താ. 2:5 അവർ അവനോട് പറഞ്ഞു, യെഹൂദ്യയിലെ ബേത്‍ലഹേമിൽ, എന്തെന്നാൽ പ്രവാചകനിലൂടെ അങ്ങനെതന്നെ എഴുതിയിരിക്കുന്നു:

മത്താ. 2:6 "നീയോ ബേത്‍ലഹേമേ, യെഹൂദ്യദേശമേ, ഒരുവിധത്തിലും നീ യെഹൂദ്യപ്രഭുക്കന്മാരുടെ ഇടയിൽ ഒട്ടും ചെറുതല്ല; എന്തെന്നാൽ എന്റെ ജനമായ യിസ്രായേലിനെ മേയ്ക്കുവാനുള്ള, ഒരു അധിപൻ നിന്നിൽനിന്നു പുറപ്പെട്ടുവരും.

മത്താ. 2:7 അപ്പോൾ ഹെരോദാവ്, വിദ്വാന്മാരെ രഹസ്യമായി വിളിച്ച്, നക്ഷത്രം പ്രത്യക്ഷമായ സമയം അവരിൽനിന്നു കൃത്യമായി

നിശ്ചയം വരുത്തി.

മത്താ. 2:8 അവരെ ബേത്‌ലഹേമിലേക്ക് അയച്ചിട്ട്, നിങ്ങൾ പോയി പൈതലിനെക്കുറിച്ചു കൃത്യമായി അന്വേഷിക്കുവിൻ; കണ്ടെത്തുമ്പോൾ, ഞാനും വന്ന് അവനെ ആരാധിക്കേണ്ടതിന്, എന്നെ അറിയിക്കുവിൻ എന്നു പറഞ്ഞു.

മത്താ. 2:9 രാജാവിനെ കേട്ടശേഷം അവർ അവരുടെ വഴിക്കു പോയി, ഇതാ, അവർ ഉദയത്തിൽ കണ്ട നക്ഷത്രം പൈതൽ ഉണ്ടായിരുന്ന ഇടത്തിനു മീതെ വന്നു നിൽക്കുന്നതുവരെ അവരെ നയിച്ചു.

മത്താ. 2:10 അവർ ആ നക്ഷത്രം കണ്ടപ്പോൾ, അതിസന്തോഷത്തോടെ അത്യന്തം ഉല്ലസിച്ചു.

മത്താ. 2:11 അവർ വീട്ടിലേക്ക് വന്ന് പൈതലിനെ അവന്റെ അമ്മയായ മറിയയോടുകൂടെ കാണുകയും, നിലത്തു വീണ് അവനെ ആരാധിക്കുകയും ചെയ്തു; തങ്ങളുടെ നിക്ഷേപപാത്രങ്ങൾ തുറന്ന് അവർ അവനു പൊന്നും കുന്തുരുക്കവും മൂരും ഉപഹാരങ്ങളായി അർപ്പിച്ചു.

മത്താ. 2:12 ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകാതിരിക്കുവാൻ സ്വപ്നത്തിൽ ദിവ്യനിർദേശം ലഭിച്ചതിനാൽ അവർ മറ്റൊരു വഴിയിലൂടെ അവരുടെ നാട്ടിലേക്കു പോയി.

മത്താ. 3:1 ആ നാളുകളിൽ, യെഹൂദ്യമരുഭൂമിയിൽ പ്രസംഗിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ പ്രത്യക്ഷനായി

മത്താ. 3:2 പറഞ്ഞത്, മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.

മത്താ. 3:3 “മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം, കർത്താവിന്റെ വഴി ഒരുക്കുവിൻ, അവന്റെ പാതകൾ നേരെയാക്കുവിൻ” എന്നു യെശയ്യാപ്രവാചകനിലൂടെ പറഞ്ഞത് ഇവനെക്കുറിച്ച് ആകുന്നു.

മത്താ. 3:4 ഈ യോഹന്നാന്, അവന്റെ വസ്ത്രം ഒട്ടകരോമം കൊണ്ടുള്ളതും അവന്റെ അരയ്ക്കു ചുറ്റും തോൽവാറും ഉണ്ടായിരുന്നു, അവന്റെ ആഹാരം വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു.

മത്താ. 3:5 ആ സമയത്ത് യെരൂശലേമും സകല യെഹൂദ്യയും യോർദ്ദാന്റെ ചുറ്റുമുള്ള എല്ലാ ദേശവും പുറപ്പെട്ട് അവന്റെ അടുക്കൽ പോകുകയും,

മത്താ. 3:6 അവർ തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ട് യോർദ്ദാൻ നദിയിൽ അവനാൽ സ്നാനമേൽക്കുകയും ചെയ്തു.

മത്താ. 3:7 എന്നാൽ പരീശന്മാരിലും സദൂക്യരിലും അനേകർ തന്റെ സ്നാനത്തിനു വരുന്നത് കണ്ടപ്പോൾ അവൻ അവരോടു പറഞ്ഞു, സർപ്പസന്തതികളേ, വരുവാനുള്ള ക്രോധത്തിൽനിന്നു ഓടിപ്പോകുവാൻ നിങ്ങളെ പ്രേരിപ്പിച്ചത് ആർ?

മത്താ. 3:8 എങ്കിൽ നിങ്ങളുടെ മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കുവിൻ.

മത്താ. 3:9 അബ്രാഹാം ഞങ്ങൾക്ക് പിതാവായുണ്ട് എന്ന്

നിങ്ങളിൽത്തന്നെ പറയുവാൻ ഭാവിക്കരുത്; ഈ കല്ലുകളിൽനിന്ന് അബ്രാഹാമിനു മക്കളെ എഴുന്നേൽപ്പിക്കുവാൻ ദൈവത്തിനു കഴിയും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 3:10 ഇപ്പോൾതന്നെ വൃക്ഷങ്ങളുടെ വേരിനു കോടാലി വച്ചിരിക്കുന്നു. അതിനാൽ നല്ല ഫലം പുറപ്പെടുവിക്കാത്ത സകല വൃക്ഷവും വെട്ടി, തീയിലേക്ക് എറിഞ്ഞുകളയുന്നു.

മത്താ. 3:11 ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനപ്പെടുത്തുന്നു, എന്നാൽ എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ ശക്തനാകുന്നു, അവന്റെ ചെരിപ്പു ചുമക്കുവാൻ ഞാൻ യോഗ്യനല്ല. അവൻതന്നെ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനപ്പെടുത്തും.

മത്താ. 3:12 അവന്റെ വീശുമുറം അവന്റെ കൈയിൽ ഉണ്ട്. അവൻ തന്റെ മെതിക്കളത്തെ തീർത്തും വെടിപ്പാക്കുകയും, തന്റെ ഗോതമ്പ് കളപ്പുരയിൽ ശേഖരിക്കുകയും ചെയ്യും, എന്നാൽ പതിർ കെടുത്താനാവാത്ത തീയിൽ ചുട്ടുകളയും.

മത്താ. 4:12 യോഹന്നാൻ ഏൽപ്പിക്കപ്പെട്ടു എന്നു കേട്ടപ്പോൾ അവൻ ഗലീലയിലേക്കു പിൻവാങ്ങി.

മത്താ. 4:13 നസറെത്തു വിട്ടശേഷം, അവൻ സെബൂലൂന്റെയും നഫ്താലിയുടെയും അതിരുകളിൽ, കടലിനരികെയുള്ള കഫർന്നഹൂമിൽ വന്നു പാർത്തു.

മത്താ. 4:14 യെശയ്യാപ്രവാചകനിലൂടെ ഇപ്രകാരം അരുളിച്ചെയ്തതു നിവൃത്തിയാകേണ്ടതിനു തന്നേ,

മത്താ. 4:15 “സെബൂലൂൻദേശമേ നഫ്താലിദേശവുമേ, കടലിലേക്കുള്ള വഴി, യോർദ്ദാനപ്പുറം, ജാതികളുടെ ഗലീലേ:

മത്താ. 4:16 ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് വെളിച്ചം ഉദിച്ചു.”

മത്താ. 4:17 ആ സമയം മുതൽ യേശു, മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുവാനും പറയുവാനും തുടങ്ങി.

മത്താ. 4:18 അവൻ ഗലീലാക്കടലിനരികെ നടക്കുമ്പോൾ പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശിമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ് എന്നീ രണ്ടു സഹോദരന്മാർ കടലിലേക്കു വല വീശുന്നതു കണ്ടു, അവർ മീൻപിടുത്തക്കാരായിരുന്നു.

മത്താ. 4:19 അവൻ അവരോട്, എന്റെ പിന്നാലെ വരിക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു.

മത്താ. 4:20 ഉടനെ വലകൾ വിട്ട്, അവർ അവനെ അനുഗമിച്ചു.

മത്താ. 4:21 അവിടെ നിന്നു മുമ്പോട്ടു പോകവേ, അവൻ സെബെദിയുടെ പുത്രനായ യാക്കോബ്, അവന്റെ സഹോദരനായ യോഹന്നാൻ എന്ന വേറെ രണ്ടു സഹോദരന്മാർ, തങ്ങളുടെ അപ്പനായ സെബെദിയോടൊപ്പം പടകിൽ തങ്ങളുടെ വലകൾ നന്നാക്കുന്നതു കണ്ടു; അവൻ അവരെ വിളിച്ചു.

മത്താ. 4:22 ഉടനെ പടകിനെയും തങ്ങളുടെ അപ്പനെയും വിട്ട്, അവർ

അവനെ അനുഗമിച്ചു.

B. മതത്തിൽ അത്ഭുതകരമായി കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഏതൊരു ചിന്തയും പിശാചിന്റെ ഒരു പ്രലോഭനമാണ്—വാ. 5-7.

| | |
|---|---|
| മത്താ. 4:5 | പിന്നെ പിശാച് അവനെ വിശുദ്ധനഗരത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിർത്തി, |
| മത്താ. 4:6 | അവനോട്, നീ ദൈവപുത്രനാകുന്നു എങ്കിൽ നിന്നെത്തന്നെ താഴേക്ക് ഇടുക; എന്തെന്നാൽ "നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോടു കൽപ്പിക്കും, നിന്റെ കാൽ കല്ലിൽ തട്ടാതിരിക്കേണ്ടതിന് അവർ തങ്ങളുടെ കൈകളിന്മേൽ നിന്നെ വഹിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. |
| മത്താ. 4:7 | യേശു അവനോട്, "നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത്" എന്നു പിന്നെയും എഴുതിയിരിക്കുന്നു എന്നു പറഞ്ഞു. |

C. വൈദ്യനും മണവാളനും എന്ന നിലയിൽ, ക്രിസ്തു മതത്തിന് എതിരാണ്—9:12, 15.

| | |
|---|---|
| മത്താ. 9:12 | ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്. |
| മത്താ. 9:15 | യേശു അവരോടു പറഞ്ഞു, മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽ നിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും. |

D. കർത്താവായ യേശു മതപാരമ്പര്യത്തിനായി കരുതുന്നില്ല; ആന്തരിക യാഥാർഥ്യത്തിനായാണ് അവൻ കരുതുന്നത്—15:1-20.

| | |
|---|---|
| മത്താ. 15:1 | അപ്പോൾ യെരൂശലേമിൽ നിന്നു ചില പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ അടുക്കൽ വന്നു പറഞ്ഞത്, |
| മത്താ. 15:2 | നിന്റെ ശിഷ്യന്മാർ മൂപ്പന്മാരുടെ പാരമ്പര്യത്തെ എന്തുകൊണ്ട് ലംഘിക്കുന്നു? അവർ അപ്പം ഭക്ഷിക്കുമ്പോൾ തങ്ങളുടെ കൈകൾ കഴുകുന്നില്ലല്ലോ. |
| മത്താ. 15:3 | അവൻ അവരോട് ഉത്തരം പറഞ്ഞു, നിങ്ങളും നിങ്ങളുടെ പാരമ്പര്യം ഹേതുവായി ദൈവത്തിന്റെ കൽപനയെ ലംഘിക്കുന്നത് എന്തുകൊണ്ട്? |
| മത്താ. 15:4 | "നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" എന്നും "അപ്പനെയോ അമ്മയെയോ ദോഷം പറയുന്നവൻ, മരണത്തിന് ഏൽപ്പിക്കപ്പെടട്ടെ" എന്നും ദൈവം അരുളിച്ചെയ്തുവല്ലോ. |
| മത്താ. 15:5 | എന്നാൽ നിങ്ങൾ പറയുന്നു, തന്റെ അപ്പനോടോ അമ്മയോടോ, എന്നെക്കൊണ്ട് നിനക്ക് എന്തെല്ലാം പ്രയോജനപ്പെടുമായിരുന്നോ അത് ഇപ്പോൾ ദൈവത്തിന് ഒരു ഉപഹാരം എന്നു പറയുന്നവൻ, |
| മത്താ. 15:6 | ഒരുവിധത്തിലും അവന്റെ അപ്പനെയോ അമ്മയെയോ ബഹുമാനിക്കേണ്ടതില്ല എന്ന്; നിങ്ങളുടെ പാരമ്പര്യം ഹേതുവായി, നിങ്ങൾ ദൈവത്തിന്റെ വചനത്തെ, അതിന്റെ |

അധികാരത്തിൽ ഇല്ലാതാക്കിയിരിക്കുന്നു.

മത്താ. 15:7 കപടഭക്തിക്കാരേ! യെശയ്യാവ് നിങ്ങളെക്കുറിച്ച് നന്നായിതന്നെ പ്രവചിച്ചു പറഞ്ഞത്,

മത്താ. 15:8 "ഈ ജനം തങ്ങളുടെ അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു, എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നു ദൂരെ അകന്നിരിക്കുന്നു;

മത്താ. 15:9 എന്നാൽ മനുഷ്യരുടെ കൽപനകളെ ഉപദേശങ്ങളായി ഉപദേശിച്ചു കൊണ്ട് അവർ വ്യർഥമായി എന്നെ ആരാധിക്കുന്നു."

മത്താ. 15:10 പിന്നെ അവൻ പുരുഷാരത്തെ തന്റെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞു, കേട്ടു ഗ്രഹിക്കുവിൻ:

മത്താ. 15:11 വായിലേക്കു പ്രവേശിക്കുന്നതല്ല മനുഷ്യനെ മലിനമാക്കുന്നത്; മറിച്ച് വായിൽനിന്നു പുറപ്പെടുന്നത്, ഇത് മനുഷ്യനെ മലിനമാക്കുന്നു.

മത്താ. 15:12 അപ്പോൾ ശിഷ്യന്മാർ അടുക്കൽ വന്ന് അവനോട്, പരീശന്മാർ ഈ വാക്കു കേട്ടപ്പോൾ ഇടറിപ്പോയി എന്നു നീ അറിയുന്നുവോ? എന്നു ചോദിച്ചു.

മത്താ. 15:13 അവൻ ഉത്തരം പറഞ്ഞു, സ്വർഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത സകല ചെടിയും പിഴുതെടുക്കപ്പെടും.

മത്താ. 15:14 അവർ അങ്ങനെ ആകട്ടെ. അവർ കുരുടന്മാരുടെ കുരുടരായ വഴികാട്ടികളാകുന്നു; കുരുടൻ കുരുടനെ വഴികാട്ടിയാൽ, ഇരുവരും കുഴിയിലേക്കു വീഴും.

മത്താ. 15:15 പത്രൊസ് അവനോട്, ഈ ഉപമ ഞങ്ങൾക്കു വിശദീകരിക്കേണം എന്നു ഉത്തരം പറഞ്ഞു.

മത്താ. 15:16 അവൻ പറഞ്ഞു, നിങ്ങളും ഇപ്പോഴും ഗ്രഹിക്കാത്തവർ ആകുന്നുവോ?

മത്താ. 15:17 വായിലേക്കു പ്രവേശിക്കുന്ന സകലവും വയറ്റിലേക്കു കടക്കുകയും മറപ്പുരയിൽ ഒഴിപ്പിക്കുകയും ചെയ്യുന്നു എന്നു നിങ്ങൾ ഗ്രഹിക്കുന്നില്ലയോ?

മത്താ. 15:18 എന്നാൽ വായിൽ നിന്നു പുറപ്പെടുന്നവ ഹൃദയത്തിൽനിന്ന് പുറത്തു വരുന്നു, അവ മനുഷ്യനെ മലിനമാക്കുന്നു.

മത്താ. 15:19 എന്തെന്നാൽ, ഹൃദയത്തിൽനിന്നു ദുഷ്ടവാദങ്ങൾ, കൊലപാതകങ്ങൾ, വ്യഭിചാരങ്ങൾ, പരസംഗങ്ങൾ, മോഷണങ്ങൾ, കള്ളസാക്ഷ്യങ്ങൾ, ദൂഷണങ്ങൾ എന്നിവ പുറത്തുവരുന്നു.

മത്താ. 15:20 ഇവയാകുന്നു മനുഷ്യനെ മലിനമാക്കുന്നവ, എന്നാൽ കഴുകാത്ത കൈകൾ കൊണ്ട് കഴിക്കുന്നത് മനുഷ്യനെ മലിനമാക്കുന്നില്ല.

**II. മത്തായി 9:10-13 സൂചിപ്പിക്കുന്നത്, വൈദ്യനെന്ന നിലയിൽ നമുക്ക് ക്രിസ്തുവിനെ അനുഭവിക്കുവാനും ആസ്വദിക്കുവാനും കഴിയും എന്നാണ്:**

മത്താ. 9:10 അവൻ വീട്ടിൽ മേശയിങ്കൽ ഇരിക്കുമ്പോൾ ഇതാ, അനേകം ചുങ്കക്കാരും പാപികളും വന്നു യേശുവിനോടും അവന്റെ ശിഷ്യന്മാരോടും കൂടെ ഒന്നിച്ചു മേശയിങ്കൽ ഇരുന്നു.

മത്താ. 9:11 പരീശന്മാർ ഇതു കണ്ടിട്ടു അവന്റെ ശിഷ്യന്മാരോട്, നിങ്ങളുടെ ഗുരു

ചുങ്കക്കാരോടും പാപികളോടുംകൂടെ എന്തിനു ഭക്ഷിക്കുന്നു? എന്നു ചോദിച്ചു.

മത്താ. 9:12 ഇതു കേട്ടപ്പോൾ, അവൻ പറഞ്ഞു, ശക്തരായവർക്കു വൈദ്യന്റെ ആവശ്യം ഇല്ല, രോഗികൾക്കത്രേ ഉള്ളത്.

മത്താ. 9:13 എന്നാൽ "ഞാൻ യാഗമല്ല, കരുണയത്രേ ആഗ്രഹിക്കുന്നു", എന്നത് എന്താകുന്നു എന്നു പോയി പഠിക്കുവിൻ, എന്തെന്നാൽ ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ വിളിക്കുവാൻ വന്നത്.

A. ദൈവരാജ്യത്തിനായി തന്നെ അനുഗമിക്കുവാൻ ജനത്തെ വിളിച്ചതിൽ, കർത്താവായ യേശു ഒരു ന്യായാധിപനെപ്പോലെയല്ല, ഒരു വൈദ്യനെപ്പോലെയാണ് ശുശ്രൂഷിച്ചത്.

B. ഒരു ന്യായാധിപന്റെ വിധി നീതിക്ക് ഒത്തവണ്ണമാണ്, അതേസമയം ഒരു വൈദ്യന്റെ രോഗശാന്തി കരുണയ്ക്കും കൃപയ്ക്കും ഒത്തവണ്ണമാണ്.

C. നമ്മെ സുഖപ്പെടുത്തുവാനും, പ്രത്യുദ്ധരിക്കുവാനും, ജീവിപ്പിക്കുവാനും, രക്ഷിക്കുവാനും ഒരു വൈദ്യനായി ശുശ്രൂഷിക്കുവാനാണ് ക്രിസ്തു വന്നത്, അങ്ങനെ നാം ഈ ദുഷിച്ച ഭൂമിയിൽ അവനോടൊപ്പം തന്റെ സ്വർഗീയ രാജ്യം സ്ഥാപിക്കുന്ന അവന്റെ പുതിയതും സ്വർഗീയവുമായ പൗരന്മാരായി പുനഃസംരചിക്കപ്പെടുന്നു.

D. "എന്നാൽ 'ഞാൻ യാഗമല്ല കരുണയത്രേ ആഗ്രഹിക്കുന്നു' എന്നത് എന്താകുന്നു എന്ന് പോയി പഠിക്കുവിൻ"—വാ. 13:
   1. കർത്താവായ യേശു നമ്മുടെ ആത്മിക രോഗത്തെ, പാപം എന്ന രോഗത്തെ, സുഖപ്പെടുത്തുന്നു.
   2. പാപത്തിനും മരണത്തിനും ഇടയിൽ എല്ലാത്തരം രോഗങ്ങളും, അസുഖങ്ങളും, ബലഹീനതകളും ഉണ്ട്.
   3. കർത്താവായ യേശു നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ വിധത്തിലും നമ്മെ സുഖപ്പെടുത്തുകയും ചെയ്യുന്നു.
   4. പാപികളെന്ന നിലയിൽ, നമ്മൾ പൂർണ്ണമായും രോഗികളാണ്, കാരണം നമ്മൾ ശാരീരികമായും, ആത്മികമായും, ധാർമ്മികമായും, മാനസികമായും രോഗികളാണ്, എന്നാൽ ക്ഷമിക്കുന്നവനും വൈദ്യനുമായ യേശുവിന് നമ്മുടെ എല്ലാ രോഗങ്ങളും സൗഖ്യമാക്കുവാൻ കഴിയും.
   5. നമ്മുടെ വൈദ്യൻ എന്ന നിലയിൽ, കർത്താവ് നമ്മെ സൗഖ്യമാക്കുന്നത് പ്രധാനമയും നമ്മുടെ ശരീരത്തിലല്ല, മറിച്ച് നമ്മുടെ ആത്മാവിലും ദേഹിയിലുമാണ്.
   6. നമ്മുടെ ശരീരത്തിൽ കർത്താവ് നമ്മെ സൗഖ്യമാക്കുകയോ സൗഖ്യമാക്കാതിരിക്കുകയോ ചെയ്തേക്കാമെങ്കിലും, നമ്മുടെ ആത്മാവിന്റെയും ദേഹിയുടെയും എല്ലാ ഭാഗങ്ങളിലും നമ്മെ സൗഖ്യമാക്കുവാൻ അവൻ എപ്പോഴും തയ്യാറാണ്.
   7. നമ്മുടെ വൈദ്യൻ എന്ന നിലയിൽ കർത്താവിന്റെ രോഗശാന്തി പ്രധാനമായും ശാരീരികമല്ല, ആത്മികമാണ്; അവൻ നമ്മുടെ ആത്മിക രോഗങ്ങളെ സൗഖ്യമാക്കുന്നവനാണ്.

E. പൗലൊസിന്റെ പിൽക്കാല ശുശ്രൂഷയിലെ അനുഭവം, വിശ്വാസികളുടെ വൈദ്യൻ എന്ന നിലയിൽ ക്രിസ്തുവിനെ ശരിയായ രീതിയിൽ വിലമതിക്കാൻ നമ്മെ സഹായിക്കുന്നു:
   1. 2 തിമൊഥെയൊസ് 4:20-ൽ പൗലൊസ് പറയുന്നു, "ത്രൊഫിമൊസിനെ ഞാൻ മിലേത്തൊസിൽ രോഗിയായി വിട്ടേച്ചുപോകുകയും ചെയ്തു."
   2. അപ്പൊസ്തലനായ പൗലൊസിന് അത്രയും അടുപ്പമുള്ള ഒരുവനെ രോഗശാന്തിയ്ക്കായുള്ള പ്രാർഥന നടത്താതെ രോഗാവസ്ഥയിൽ ഉപേക്ഷിച്ചു.
   3. തിമൊഥെയൊസിന്റെ ഉദരരോഗം സുഖപ്പെടുത്തുന്നതിനായി പൗലൊസ് തന്റെ രോഗശാന്തി വരം (പ്രവൃ. 19:11-12) ഉപയോഗിച്ചില്ല; പകരം, സൗഖ്യത്തിനായി സ്വാഭാവിക മാർഗം സ്വീകരിക്കാൻ പൗലൊസ് അവനോട് നിർദ്ദേശിച്ചു (1 തിമൊ. 5:23).

| | |
|---|---|
| പ്രവൃ. 19:11 | ദൈവം പൗലൊസിന്റെ കയ്യാൽ അസാധാരണ വീര്യപ്രവൃത്തികൾ ചെയ്തു, |
| പ്രവൃ. 19:12 | അവന്റെ ശരീരത്തിൽനിന്ന് തൂവാലകളും മേൽവസ്ത്രങ്ങളും പോലും രോഗികളായിരുന്നവരുടെ അടുക്കൽ കൊണ്ടുപോയി, അവരുടെ രോഗങ്ങൾ അവരെ വിട്ടുപോകുകയും, ദുഷ്ടാത്മാക്കൾ പുറത്തു പോകുകയും ചെയ്തു. |
| 1 തിമൊ. 5:23 | നിന്റെ ഉദരവും കൂടെക്കൂടെയുള്ള നിന്റെ അസുഖങ്ങളും നിമിത്തം, ഇനിമേൽ വെള്ളം മാത്രം കുടിക്കാതെ അൽപ്പം വീഞ്ഞും ഉപയോഗിക്കുക. |

   4. പൗലൊസ് തിമൊഥെയൊസിനോട് അല്പം വീഞ്ഞ് കുടിക്കാൻ ആവശ്യപ്പെട്ടു, കൂടാതെ ത്രോഫിമൊസിനെ മിലേത്തൊസിൽ വിട്ടേച്ചുപോയി.
   5. പൗലൊസ് തന്റെ കൂട്ടുവേലക്കരെ വളരെ മാനുഷികമായ രീതിയിൽ കരുതി.
   6. കഷ്ടതയുടെ സമയത്ത്, പൗലൊസും കൂട്ടുവേലക്കാരും ബാഹ്യമായ വരത്തിന്റെ ശക്തിക്കു കീഴിലല്ല, പിന്നെയോ ആന്തരിക ജീവന്റെ ശിക്ഷണത്തിന് കീഴിലായിരുന്നു എന്നതാണ് പൗലൊസ് അവരെ ഈ വിധത്തിൽ കരുതിയതിനുള്ള കാരണം.
   7. ഒന്നാമത്തേത് ജീവനിൽ കൃപയാലാണ്; രണ്ടാമത്തേത് അത്ഭുത ശക്തിയിൽ വരത്താലാണ്.
   8. ക്രിസ്തുവിന്റെ രോഗസൗഖ്യം ഇന്ന് പ്രധാനമായും ആത്മാവിനും ദേഹിക്കും വേണ്ടിയാണെന്ന് കാണുവാൻ പൗലൊസിന്റെ അനുഭവം നമ്മെ സഹായിക്കണം.
   9. ഈ ദർശനം നാം കാണുന്നുവെങ്കിൽ, നാം ക്രിസ്തുവിൽ ആശ്രയിക്കുകയും അവനെ നമ്മുടെ വൈദ്യനായി അനുഭവമാക്കുകയും ചെയ്യും.

F. നമ്മുടെ വൈദ്യൻ എന്ന നിലയിൽ, ക്രിസ്തുവിന് രോഗശാന്തിക്കായുള്ള അധികാരമുണ്ട്:
   1. അവന്റെ രോഗശാന്തി കേവലം ശക്തിയുടെ കാര്യമല്ല, അത് അധികാരത്തിന്റെ കാര്യം കൂടിയാണ്.
   2. നമ്മെ സുഖപ്പെടുത്താൻ അവന് നമ്മെ നേരിട്ട് തൊടേണ്ട ആവശ്യമില്ല.

3. അവന് ഒരു വാക്ക് മാത്രം സംസാരിച്ചാൽ മതി, നമ്മെ സൗഖ്യമാക്കുവാൻ അവന്റെ വചനത്തോടൊപ്പം അവന്റെ അധികാരവും വരുന്നു—മത്താ. 8:8.

| | |
|---|---|
| മത്താ. 8:8 | എന്നാൽ ശതാധിപൻ ഉത്തരം നൽകി, കർത്താവേ, നീ എന്റെ മേൽക്കൂരയിൻ കീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും. |

4. നമ്മുടെ വൈദ്യൻ തന്റെ അധികാരത്താൽ നമ്മെ സൗഖ്യമാക്കുന്നു.

**III. മത്തായിയിലും വെളിപ്പാടിലും ക്രിസ്തുവിനെ മണവാളനായി വെളിപ്പെടുത്തിയിരിക്കുന്നു—മത്താ. 9:15; വെളി. 19:7-9:**

| | |
|---|---|
| മത്താ. 9:15 | യേശു അവരോടു പറഞ്ഞു, മണവാളൻ തങ്ങളുടെ കൂടെ ഉള്ളിടത്തോളം മണിയറയുടെ പുത്രന്മാർക്ക് വിലപിക്കുവാൻ കഴിയില്ലല്ലോ? എന്നാൽ മണവാളൻ തങ്ങളിൽ നിന്ന് എടുക്കപ്പെടുന്ന നാളുകൾ വരും, അപ്പോൾ അവർ ഉപവസിക്കും. |
| വെളി. 19:7 | നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. |
| വെളി. 19:8 | അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു. |
| വെളി. 19:9 | അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു. |

A. മത്തായി 25:1, മണവാളൻ എന്ന നിലയിൽ കർത്താവായ യേശുവിനെക്കുറിച്ചുള്ള ഒരു വാക്കാണ്:

| | |
|---|---|
| മത്താ. 25:1 | ആ സമയത്ത് സ്വർഗരാജ്യം മണവാളനെ എതിരേൽക്കുവാനായി തങ്ങളുടെ വിളക്കുകൾ എടുത്തുകൊണ്ട് പുറപ്പെട്ട പത്തു കന്യകമാരോടു സദൃശമാകും. |

1. ഈ വാക്യം വെളിപ്പെടുത്തുന്നത് കർത്താവ് മണവാളനായി, ഏറ്റവും പ്രസന്നനും ആകർഷണീയനുമായ വ്യക്തിയായി മടങ്ങിവരും എന്നാണ്.
2. മണവാട്ടിയെ ലഭിക്കുന്നതിന് ദേഹരൂപമായിരിക്കുന്ന ദൈവമാണ് ക്രിസ്തു എന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു.
3. അതുകൊണ്ട്, ക്രിസ്തുവിന്റെ പദവി മണവാളന്റേതാണ്.
4. മണവാളൻ എന്ന നിലയിൽ, അവൻ നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള പ്രസന്നനായ വ്യക്തിയാണ്.
5. ജീവന്റെ പ്രത്യുദ്ധാരത്തിനായുള്ള നമ്മുടെ വൈദ്യൻ എന്ന നിലയിൽ മാത്രമല്ല, അവന്റെ സാന്നിധ്യത്തിൽ ഒരു ജീവനുള്ള ആസ്വാദനം ഉണ്ടായിരിക്കേണ്ടതിന് നമ്മുടെ മണവാളൻ എന്ന നിലയിലും നാം ക്രിസ്തുവിനെ വിലമതിക്കണം.

B. വെളിപ്പാട് 19:7-9 ക്രിസ്തുവിനെ മണവാളനായി അനാവരണം ചെയ്യുന്നു:

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

വെളി. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

1. ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്നത് കർത്താവായ യേശു മണവാളനെന്ന നിലയിൽ കുഞ്ഞാടാകുന്നു എന്നാണ്.
2. ക്രിസ്തുവിനെ കുഞ്ഞാടായും മണവാളനായും അവതരിപ്പിച്ചിരിക്കുന്നു.
3. യോഹന്നാന്റെ സുവിശേഷത്തിൽ, പാപം നീക്കിക്കളയുവാൻ വന്ന കുഞ്ഞാടായും മണവാട്ടി ഉണ്ടായിരിക്കുവാൻ വന്ന മണവാളനായും ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു.
4. കുഞ്ഞാട് വീണ്ടെടുപ്പിനും, മണവാളൻ വിവാഹത്തിനും വേണ്ടിയാണ്.
5. ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിൽ ക്രിസ്തു വീണ്ടെടുപ്പ് നിവർത്തിച്ചു, വരുവാനിരിക്കുന്ന മണവാളനെന്ന നിലയിൽ ക്രിസ്തു തന്റെ മണവാട്ടിയെ സ്വീകരിക്കുമ്പോൾ വിവാഹം നടക്കും.
6. മണവാളൻ എന്ന നിലയിൽ, ക്രിസ്തുവിന് ഒരു വിവാഹം നടക്കണം; നമ്മുടെ സ്ഥാനം മണവാട്ടിയുടേതാണ്, വരുവാനിരിക്കുന്ന ക്രിസ്തുവിന്റെ സ്ഥാനം മണവാളന്റേതാണ്.
7. അവനെ എതിരേൽക്കുവാൻ അവന്റെ മണവാട്ടിയായിത്തീരുന്നതിന് ഭൂമിയിൽ നാം ഒരുക്കപ്പെട്ടുകൊണ്ടിരിക്കുന്നു, നമ്മെ എതിരേൽക്കുവാൻ മണവാളനെന്ന നിലയിൽ വരേണ്ടതിന് അവൻ മൂന്നാം സ്വർഗത്തിൽ സിംഹാസനത്തിൽ ഒരുങ്ങിയിരിക്കുന്നു.
8. അവൻ മണവാളനായി വരുന്നു, നമ്മൾ മണവാട്ടിയായി പോകുന്നു—മത്താ. 25:1.

മത്താ. 25:1 ആ സമയത്ത് സ്വർഗരാജ്യം മണവാളനെ എതിരേൽക്കുവാനായി തങ്ങളുടെ വിളക്കുകൾ എടുത്തുകൊണ്ട് പുറപ്പെട്ട പത്തു കന്യകമാരോടു സദൃശമാകും.